# അക്കാദമിക
# മാസ്റ്റർ പ്ലാൻ-2025-26

---

## ഗവ. എൽ. പി. സ്കൂൾ വലിയപാറ

### ആറാം മൈൽ, അച്ചൂരാനം പി. ഒ., പൊഴുതന



## ആമുഖം

സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും. എല്ലാ പൊതു വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻ നിർത്തിയൊരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | GLPS വലിയപാറ |
| മേൽവിലാസം | അച്ചൂരാനം (PO) 673575 |
| ഫോൺ | 9495581483 |
| സ്കൂൾ കോഡ് | 15236 |
| വിദ്യാഭ്യാസ ഉപജില്ല | വൈത്തിരി |
| വിദ്യാഭ്യാസ ജില്ല | വയനാട് |
| ബി. ആർ. സി. | വൈത്തിരി |
| ഗ്രാമപഞ്ചായത്ത് | കൽപ്പറ്റ |
| നിയമസഭ മണ്ഡലം | കൽപ്പറ്റ |
| ലോകസഭ മണ്ഡലം | വയനാട് |
| താലൂക്ക് | വൈത്തിരി |
| വില്ലേജ് | അച്ചൂരാനം |
| ഇ-മെയിൽ വിലാസം | glpsvaliyapara@gmail.com |

## പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2. ഓരോ കുട്ടിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവന്റെ കഴിവുകൾ തിരിച്ചറിഞ്ഞ് അവന്റെ പരിമിതികൾ മനസ്സിലാക്കി ആ കുട്ടിയെ പിന്തുണയ്ക്കുവാൻ ആവശ്യമായ പ്രവർത്തനങ്ങൾ നൽകുക.

3. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കുക.

4. ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്മുറികളിൽ ഉപയോഗിക്കുക.

5. ക്ലാസ്മുറികളിൽ കുട്ടികളിലെ സാമൂഹിക, വൈകാരിക മേഖലകളിൽ കുട്ടി അനുഭവിക്കുന്ന മികവുകളും പോരായ്മകളും തിരിച്ചറിയുക

6. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും, വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുന്നു.

8. കൃഷി, ഔഷധത്തോട്ടം എന്നിവ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും, പരിസര ശുചിത്വം, വ്യക്തി ശുചിത്വം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

8. ഒന്നുമുതൽ നാലാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ നൽകും.

# അക്കാദമികം

| നേട്ടങ്ങൾ | പരിമിതികൾ |
| --- | --- |
| • അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം | മുഴുവൻ കുട്ടികൾക്കും ഭാഷാ ശേഷി ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. |
| • മികച്ച ലൈബ്രറി, കമ്പ്യൂട്ടർ പഠന സൗകര്യം | വായനയ്ക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ് |
| • കലാപഠനം, പ്രവൃത്തി പരിചയ പഠനം കായിക പഠനം എന്നിവയ്ക്ക് സ്പെഷ്യൽ അധ്യാപക സേവനം | പ്രോത്സാഹനം നൽകുന്നുവെങ്കിലും സ്പെഷ്യൽ അധ്യാപകർ ഇല്ല. |
| • സർഗ്ഗാത്മക വേദികൾ, ആശയ പ്രകടന വേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം. | ഭിന്നശേഷി, ഉന്നതിയിലെ കുട്ടികൾ, എന്നിവരുടെ പിന്തുണാ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട് |

# ലക്ഷ്യങ്ങൾ

## ഭാഷാവികസനം

എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.

- എല്ലാ കുട്ടികൾക്കും അവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയ വിനിമയ ശേഷി നേടിയെന്ന് ഉറപ്പുവരുത്തുക.
- കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.

സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.

ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യ സാധ്യത പ്രയോജനപ്പെടുത്തുക.

- രചനോത്സവങ്ങൾ, റീഡേഴ്സ് തിയേറ്റർ, ഡയറി എഴുത്ത് എന്നീ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
- മികച്ച വായനാശീലം വളർത്തുക.

## പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾ

- വായനാകാർഡുകൾ നൽകുക.
- ചിത്രകഥകൾ നൽകുക
- ചിത്രം നൽകി ചെറിയ വ്യവഹാര രൂപങ്ങൾ നൽകാൻ അവസരം നൽകുന്നു

| | |
|---|---|
| കാർഷിക പ്രവർത്തികൾ, ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രധാനം ചെയ്യൽ | ജൈവ വൈവിധ്യ ഉദ്യാനം, പഠനാനുഭവങ്ങൾ പ്രധാനം ചെയ്യുന്ന തരത്തിൽ വളർന്നിട്ടില്ല. |

## ഇംഗ്ലീഷ്

- ഇംഗ്ലീഷിൽ കഥകളും കുട്ടിക്കവിതകളും പരിചയപ്പെടുത്തുക
- ഇംഗ്ലീഷിൽ ലളിതമായ കളികൾ പരിചയപ്പെടുത്തുക.
- നാടകീകരണം
- സ്വതന്ത്ര വായനയ്ക്ക് അവസരം നൽകുക.
- ലഘുവായ വാക്യങ്ങൾ ഉപയോഗിച്ചുകൊണ്ട് ആശയവിനിമയം നടത്താനുള്ള അവസരം നൽകുക
- സാങ്കേതിക വിദ്യയുടെ സഹായത്തോട് കൂടി കുട്ടികൾക്ക് അനുയോജ്യമായ സിനിമകളും കാർട്ടൂണുകളും പ്രദർശിപ്പിക്കുന്നു

## ചിന്താക്കാവസ്ഥയുള്ള പഠിതാക്കൾ

- വിവിധ നിറത്തിലുള്ള ചിത്രങ്ങൾ തിരിച്ചറിയുന്നതിനുള്ള അവസരം നൽകുന്നു.
- ലളിതമായ English കളികൾ പരിചയപ്പെടുന്നു
- ചിത്രങ്ങൾ വരയ്ക്കാൻ അവസരം നൽകുന്നു
- വിവിധ നിറത്തിൽ അക്ഷരങ്ങൾ പ്രദർശിപ്പിക്കുന്നു. അവ തിരിച്ചറിയാനുള്ള അവസരം നൽകുന്നു.

## അറബി

- മികച്ച വായനാശീലം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.
- വായനാ കാർഡുകൾ നൽകുന്നു.
- അക്ഷരങ്ങൾ തിരിച്ചറിയുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ സജ്ജമാക്കുന്നു.
- പതിപ്പ്, നിർമാണം, വായനാക്കുറിപ്പ്, ചുമർ പത്രങ്ങൾ, പോസ്റ്ററുകൾ തുടങ്ങിയ വ്യവഹാരരൂപങ്ങൾ നിർമ്മിക്കുന്നു.

## പിന്നോക്കാവസ്ഥ നേരിടുന്ന പഠിതാക്കൾക്കുള്ള പ്രവർത്തനങ്ങൾ

- ചിത്രകഥകൾ പരിചയപ്പെടുത്തുന്നു.
- ലളിതമായ, വായനാകാർഡുകൾ നൽകുന്നു.
- വിവിധ നിറത്തിലുള്ള അക്ഷരങ്ങൾ നൽകുന്നു.

## ശാസ്ത്രം

- ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക.
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
- ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക
- ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക
- ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക
- വ്യക്തിശുചിത്വം, പരിസര ശുചിത്വം എന്നിവയിൽ വ്യക്തമായ ബോധം ഉണ്ടാക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നൽകുക.

## പിന്നോക്കാവസ്ഥ നേരിടുന്ന പഠിതാക്കൾ

- ശാസ്ത്രവുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശിപ്പിക്കുക.
- ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടാനുള്ള അവസരം നൽകുക.
- പരിസര നിരീക്ഷണം, ചുറ്റുപാടുകളിലുള്ള പൂക്കൾ, മരങ്ങൾ, കിളികൾ എന്നിവ തിരിച്ചറിയാനും അവ രേഖപ്പെടുത്താനുമുള്ള അവസരം നൽകുന്നു.
- ശാസ്ത്രജ്ഞർ ലളിതമായി പരിചയപ്പെടുന്നതിനായി മാഗസിനുകൾ കാണിക്കുക.

# ഗണിതം

- അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പു വരുത്തുക
- നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നപരിഹാരരീതി ഉറപ്പുവരുത്തുക
- ഗണിത ചിന്തകൾ വികസിപ്പിക്കുന്നതിനായി യുക്തി ചിന്ത വളർത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ സജ്ജമാക്കുക
- ICT സാധ്യത ഉറപ്പുവരുത്തുന്ന ഗണിതത്തോട് താല്പര്യം ജനിപ്പിക്കുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

## പിന്നാക്ക നിലവാരത്തിലെ പഠിതാക്കൾക്കുള്ള പ്രവർത്തനങ്ങൾ

- വിവിധ നിറത്തിൽ സംഖ്യകൾ ക്രമീകരിക്കുക.
- ഗണിതകേളികൾ നൽകുക.
- വിവിധ വസ്തുക്കൾ ഉപയോഗിച്ച് കൂട്ടമായി എണ്ണാനുള്ള അവസരം നൽകുക.
- സംഖ്യാ കാർഡുകൾ നൽകുക

# വിവരവിനിമയ സാങ്കേതിക വിദ്യ [IT]

- IT യോടുള്ള താൽപര്യം ജനിപ്പിക്കുന്ന തരത്തിൽ പ്രവർത്തനങ്ങൾ സജ്ജമാക്കുക.
- എല്ലാ വിഷയങ്ങളിലും ക്ലാസ്സ് പ്രവർത്തനങ്ങളിൽ IT സാധ്യത പരിഗണിക്കുക.
- IT മേഖലയിൽ കുട്ടികൾക്ക് മികച്ച പരിശീലനം നൽകുക.
- ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

# ജൂൺ

| SL NO | ദിനാചരണങ്ങൾ | തീയതി | പ്രവർത്തനങ്ങൾ | ചുമതലകൾ |
| --- | --- | --- | --- | --- |
| 1 | പ്രവേശനോത്സവം | ജൂൺ. 2 | സ്കൂൾ അലങ്കരിക്കൽ, മിഠായി വിതരണം, സ്കൂൾ കിറ്റ് വിതരണം | SRG - PTA |
| 2 | SRG | ജൂൺ . 3 | വിവിധ അക്കാദമിക പ്രവർത്തനങ്ങൾ തീരുമാനിക്കൽ | SRG. കൺവീനർ |
| 3 | പരിസ്ഥിതി ദിനം | ജൂൺ - 5 | പരിസ്ഥിതി നിരീക്ഷണം, കുറിപ്പ്, പോസ്റ്റർ നിർമ്മാണം, പരിസ്ഥിതി ഗാനം. | പരിസ്ഥിതി ക്ലബ്ബ് |
| 4. | ലൈബ്രറി നവീകരണം | ജൂൺ. 9 | പുസ്തക ശേഖരണം, വിതരണം | ആതിര ടീച്ചർ |
| 5. | അസംബ്ലി | ജൂൺ . 10 | ക്ലാസ്‌തല അസംബ്ലി, സ്കൂൾ തല അസംബ്ലി | വീണ ടീച്ചർ |
| 6. | പുതിയ അധ്യായന വർഷത്തിലെ ക്ലബ്ബ് രൂപീകരണം | ജൂൺ. 12 | വിവിധ ക്ലബ്ബ് ഉദ്ഘാടനം | ഷൈൻതോമസ് സർ |
| 7. | വായനാദിനം | ജൂൺ - 19 | പി.എൻ.പണിക്കർ അനുസ്മരണം, ക്വിസ്മത്സരം, രചനാമത്സരം | ആസാദ് സർ |
| 8. | അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം | ജൂൺ. 26 | ലഹരിയെകുറിച്ച് ബോധവൽക്കരണം, പോസ്റ്റർ വിചിത്രപ്രദർശനം | അൻവർ സർ |

| SL NO | ദിനാചരണങ്ങൾ | തീയതി | പ്രവർത്തനങ്ങൾ | ചുമതലകൾ |
|---|---|---|---|---|
| 9. | വിദ്യാരംഗം | ജൂൺ. 27 | കവിതാലാപനം, നാടൻപാട്ട് | ധന്യടീച്ചർ. |
| 10. | CPTA | ജൂൺ. 30 | | ജസ്തലം |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

# ജൂലൈ

| SL NO | ദിനാചരണങ്ങൾ | തീയതി | പ്രവർത്തനങ്ങൾ | ചുമതലകൾ |
|---|---|---|---|---|
| 1. | ബഷീർ ദിനം | ജൂലൈ - 5 | ജൂലൈ-5 ശനിയാഴ്ചയിനാൽ 4-10 തീയതി അനുസ്മരണം നടത്തുന്നു. ബഷീർ കഥാപാത്രങ്ങളായി കുട്ടികൾ മാറുന്നു. ചാർട്ട് പ്രദർശിപ്പിക്കുന്നു. പോസ്റ്റർ നിർമ്മിക്കുന്നു. | മലയാളം ക്ലബ്ബ്, SRG |
| 2. | SRG യോഗം. | ജൂലൈ - 7 | പഠനപ്രവർത്തനങ്ങൾ വിലയിരുത്തൽ | കൺവീനർ |
| 3. | ലോക ജനസംഖ്യ ദിനം | ജൂലൈ - 11 | വീഡിയോ പ്രദർശനം | IT ക്ലബ്ബ് |
| 4. | വിദ്യാരംഗം | ജൂലൈ - 14 | കവിതാലാപനം, നാടൻപാട്ട് മത്സരം | ധന്യ ടീച്ചർ |
| 5. | ചാന്ദ്ര ദിനം | ജൂലൈ - 21 | വീഡിയോ പ്രദർശനം, ചാന്ദ്രദിന ക്വിസ് മത്സരം | സയൻസ് ക്ലബ്ബ് |
| 6. | ലോക പ്രകൃതി സംരക്ഷണ ദിനം | ജൂലൈ - 28 | പതിപ്പ്, ചാർട്ട് പ്രദർശനം | അശ്വതി ടീച്ചർ |
| 7 | അസംബ്ലി | ജൂലൈ - 29 | വാർത്താവായന, കഥാപറയൽ | ക്ലാസ് - 1 |
| 8. | ജൂലൈ 30 CPTA | ജൂലൈ - 30 | പഠനപ്രവർത്തനങ്ങൾ വിലയിരുത്തൽ, അർജ്ജിച്ച പഠന ശേഷികൾ വിലയിരുത്തൽ | ക്ലാസ് തലം |

# ആഗസ്റ്റ്

| SL NO | ദിനാചരണങ്ങൾ | തീയതി | പ്രവർത്തനങ്ങൾ | ചുമതലകൾ |
|---|---|---|---|---|
| 1 | അസംബ്ലി | August - 1 | ഭേപ്പറയൽ, കുട്ടിക്കവിത, പ്രതിജ്ഞ | ക്ലാസ് - 2 |
| 2. | SRG | ആഗസ്റ്റ് - 4 | ഹിരോഷിമ ദിനം ആസൂത്രണം | കൺവീനർ |
| 3. | ഹിരോഷിമ ദിനം | ആഗസ്റ്റ് - 6 | സുഡാക്കോ നിർമ്മാണം, യുദ്ധവിരുദ്ധ. | |
| | | | യുദ്ധത്തെക്കുറിച്ച് അവലോകനം, Poster | ക്ലാസ്ടീച്ചർ |
| 4. | SRG | ആഗസ്റ്റ് - 11 | സ്വാതന്ത്ര്യദിനം ആസൂത്രണം | കൺവീനർ. |
| 5 | അസംബ്ലി - ഇംഗ്ലീഷ് | ആഗസ്റ്റ് - 12 | ഇംഗ്ലീഷ് കഥ, കവിത | ക്ലാസ് - 3 |
| 6 | സ്വാതന്ത്ര്യദിനം | ആഗസ്റ്റ് - 15 | റാലി, പതാക ഉയർത്തൽ, മധുരവിതരണം, ക്വിസ് | PTA, അധ്യാപകർ |
| 7 | ശ്രീനാരായണ ഗുരു ജയന്തി | ആഗസ്റ്റ് - 20 | നവോത്ഥാനത്തെക്കുറിച്ച് ചെറിയ ധാരണ രൂപപ്പെടുത്തൽ | അധ്യാപകർ |
| 8 | CPTA | August - 22 | പഠനശേഷികളും, ധാരണകളും വിലയിരുത്തൽ | ക്ലാസ്തലം. |
| 9. | ബാലസഭ | August - 25 | കലാപരിപാടികൾ | ക്ലാസ്തലം |
| 10. | ദേശീയ കായിക ദിനം | August - 29 | ഹോക്കി മാന്ത്രികൻ ധ്യാൻചന്ദിന്റെ സ്മരണ, കായിക ക്ഷമത വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ | സ്കൂൾ തലം. |